(2) പരീക്ഷാ സെക്ഷനുകൾ ഉൾപ്പെടെ എല്ലാ സെക്ഷനുകളിലേയ്ക്കും നേരിട്ട് വിളിച്ച് വിവരങ്ങൾ അറിയുന്നതിന് ടെലഫോൺ സംവിധാനം ഏർപ്പെടുത്തി ;

(3) കേരള സംസ്ഥാന ഐ.ടി. മിഷന്റെ സഹകരണത്തോടെ സർവ്വകലാശാല കാമ്പസിൽ സ്ഥാപിച്ചിട്ടുള്ളതും മറ്റ് സ്ഥലങ്ങളിൽ ഐ.ടി. മിഷൻ സ്ഥാപിച്ചിട്ടുള്ളതുമായ ടച്ച് സ്ക്രീൻ സംവിധാനത്തിലൂടെ വിവരങ്ങൾ നൽകുന്നതിനുള്ള സൗകര്യമുണ്ടാക്കി ;

(4) സർവ്വകലാശാലയുടെ പുതിയ വെബ് സൈറ്റിൽ (www.keralauniversity.ac.in) എല്ലാ വിവരങ്ങളും നൽകുന്നുണ്ട് ;

(5) സർവ്വകലാശാലയുടെ ഇൻഫർമേഷൻ സെന്ററുകളിലൂടെ വിവരങ്ങൾ നൽകുന്നുണ്ട്.

(ബി) എൻക്വയറി സംവിധാനത്തിൽ തിരക്കാണെങ്കിലും നിരന്തരം വരുന്ന ടെലഫോൺ അന്വേഷണങ്ങൾക്ക് മറുപടി കൊടുക്കുന്നുണ്ട്. ഇന്ററാക്ടീവ് വോയിസ് റെസ്പോൺസ് സംവിധാനം (IVRS) ഏർപ്പെടുത്തുന്ന കാര്യം പരിഗണനയിലുണ്ട്.

മലയാള ഭാഷയ്ക്ക് ക്ലാസ്സിക്കൽ പദവി

82 (5250) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാള ഭാഷയ്ക്ക് മഹിതഭാഷ എന്ന പദവി നൽകണമെന്ന് നേരത്തെ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ;

(ബി) മഹിതഭാഷ എന്ന പദവി ലഭിച്ചാൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ക്ലാസ്സിക്കൽ പദവി ലഭിച്ചിട്ടുള്ള ഭാഷകൾക്ക് കേന്ദ്ര സർക്കാർ നിലവിൽ അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ മലയാളത്തിനും ലഭിക്കും.

സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്

83 (5251) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെ സ്വയംഭരണാവകാശം എടുത്തുകളയാൻ തീരുമാനിച്ചിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) സ്വയംഭരണാവകാശം എടുത്തു കളഞ്ഞാൽ ഇപ്പോൾ ഡെപ്യൂട്ടേഷനിൽ ജോലി ചെയ്യുന്നവരുടെ നിയമനം സ്ഥിരപ്പെടുമോ എന്ന് വ്യക്തമാക്കുമോ ;

(സി) സാംസ്കാരിക വകുപ്പിനുകീഴിൽ ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് പോലെ സമാന സ്വഭാവമുള്ള എത്ര സ്ഥാപനങ്ങളാണുള്ളതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ഉദിക്കുന്നില്ല.

(സി) കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, കേരള സർവ്വ വിജ്ഞാന കോശ ഇൻസ്റ്റിറ്റ്യൂട്ട്.

പൗരാണിക രേഖകളുടെ പൈതൃകം സംരക്ഷിക്കുന്നതിനായി നടപ്പാക്കി വരുന്ന പദ്ധതികൾ

84 (5254) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് മേഴ്സിയർ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പൗരാണിക രേഖകളുടെ പൈതൃകം സംരക്ഷിക്കുന്നതിനായി സംസ്ഥാന പുരാരേഖാ വകുപ്പിന്റെ കീഴിൽ എന്തൊക്കെ പദ്ധതികളാണ് നടത്തിവരുന്നതെന്ന് വിശദമാക്കുമോ ;

(ബി) താളിയോല രേഖകളുൾപ്പെടെയുള്ള പുരാണ രേഖകളും അപൂർവ്വ ഗ്രന്ഥങ്ങളും ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ;

(സി) ഈ വർഷം ഏതൊക്കെ രേഖകളും പുസ്തകങ്ങളും ഡിജിറ്റലൈസ് ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത് ;

(ഡി) ഇതുവരെ ഏതൊക്കെ രേഖകളും പുസ്തകങ്ങളും ഡിജിറ്റലൈസ് ചെയ്തുവെന്ന് വെളിപ്പെടുത്താമോ ;

(ഇ) പ്രസ്തുത പദ്ധതി നടപ്പിലാക്കാനുള്ള സാങ്കേതിക സഹായം ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly